ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.08.2024

പ്രധാന വാർത്തകൾ

TIME : 07.25 AM

1. രാജ്യം 78 -ാം സ്വാതന്ത്ര്യ ദിനാഘോഷ നിറവിൽ. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യു.

   **India is celebrating its 78th Independence Day. Prime Minister Narendra Modi hoisted the national flag at the Red Fort in New Delhi and addressed the nation.**

2. 140 കോടി ജനങ്ങൾ ദൃഢനിശ്ചയം ചെയ്ത് ഒറ്റക്കെട്ടായി നീങ്ങിയാൽ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് 2047-ഓടെ രാഷ്ട്രം 'വികസിത ഭാരതം' ആയി മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi today exuded the belief that India will become 'Viksit Bharat' by 2047 by overcoming all obstacles if the 140 crore people of the country resolve and move together in one direction.**

3. കൃഷി, വിനോദസഞ്ചാരം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം തുടങ്ങി സമസ്തമേഖലകളിലും പരിഷ്കരണങ്ങൾക്കായി സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി.

   **The Prime Minister said that the government is committed to reforms in all sectors including agriculture, tourism, industry, education, health and transport.**

4. കേരളത്തിലും വിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ. തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. വയനാട് ദുരന്തമുൾപ്പെടെയുള്ള പ്രതിസന്ധികൾ അതിജീവിക്കാൻ ഒറ്റക്കെട്ടായി നിൽക്കണമെന്ന് മുഖ്യമന്ത്രി.

Elaborate Independence Day celebrations in Kerala too. Chief Minister Pinarayi Vijayan hoisted the national flag in Thiruvananthapuram. The Chief Minister requested to stand united to overcome the crises including the Wayanad tragedy.

5. അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള ദേശീയ കീട നിരീക്ഷണ സംവിധാനം കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

Union Agriculture and Farmer's Welfare Minister Shivraj Singh Chouhan will launch the National Pest Surveillance System on the occasion of Independence Day in New Delhi.

***********************************

## ID-1

78 -ാം സ്വാതന്ത്ര്യ ദിനാഘോഷ നിറവിൽ രാജ്യം. പ്രധാന ചടങ്ങുകൾ നടന്ന ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്തു. 140 കോടി ജനങ്ങൾ ദൃഢനിശ്ചയം ചെയ്ത് ഒറ്റക്കെട്ടായി നീങ്ങിയാൽ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് 2047- ഓടെ രാഷ്ട്രം 'വികസിത ഭാരതം' ആയി മാറുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാഷ്ട്രതാത്പര്യത്തിന് പ്രഥമപരിഗണന എന്ന നയത്തിലൂന്നി സർക്കാർ ഒട്ടേറെ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. **'വികസിത് ഭാരത്-2047'** നായി കോടിക്കണക്കിന് പൗരന്മാർ എണ്ണമറ്റ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും അദ്ദേഹം അനുസ്മരിച്ചു.

(ഹോൾഡ് - വോയിസ്)

യുവാക്കളും കർഷകരും സ്ത്രീകളും ഗോത്രവിഭാഗക്കാരും ഉൾപ്പെടെ സമൂഹത്തിന്റെ നാനാതുറയിലുള്ളവർ അടിമത്തത്തിനെതിരെ പോരാടി. 1857 ലെ സ്വാതന്ത്ര്യസമരത്തിന് മുമ്പുതന്നെ ഗോത്ര മേഖലകളിൽ സ്വാതന്ത്ര്യസമരം ആരംഭിച്ചു. സ്വാതന്ത്ര്യ സമര സേനാനികളോടും രാജ്യത്തിനായി ബലിദാനികളായവരോടും നാം കടപ്പെട്ടിരിക്കുന്നു. പൂർണ പ്രതിബദ്ധതയോടെ രാഷ്ട്രത്തെ കാത്തു സൂക്ഷിക്കുന്ന സൈനികരുടെ ധീരതയെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഓരോ ജില്ലയ്ക്കും തനത് ഉത്പന്നങ്ങളിൽ അഭിമാനിക്കാൻ അവസരമൊരുക്കിയ വോക്കൽ ഫോർ ലോക്കൽ ഒരു പുതിയ മന്ത്രമായി മാറിയതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. അടുത്തിടെയുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ അദ്ദേഹം ആശങ്ക രേഖപ്പെടുത്തി. ദുരിതബാധിതരെ അനുശോചനം അറിയിച്ച അദ്ദേഹം രാജ്യം ഒപ്പമുണ്ടെന്ന സന്ദേശവും നൽകി.

രാവിലെ ഏഴ് മണിയോടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജ്ഘട്ടിലെത്തി പുഷ്പാർച്ചന നടത്തിയ ശേഷമാണ് പ്രധാനമന്ത്രി ദേശീയ പതാക ഉയർത്താനായി ചുവപ്പ് കോട്ടയിലെത്തിയത്.

************************************

## ID -2

വിനോദസഞ്ചാരം, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, കൃഷി തുടങ്ങി സമസ്തമേഖലകളിലും പരിഷ്കരണങ്ങൾക്കായി സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബാങ്കിംഗ് മേഖലയെ ശക്തിപ്പെടുത്താൻ നിരവധി പരിഷ്കാരങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും ശ്രീ നരേന്ദ്ര മോദി ചൂണ്ടിക്കാട്ടി. നിരവധി സ്റ്റാർട്ടപ്പുകൾ ബഹിരാകാശ മേഖലയിലേക്ക് കടന്നുവന്നതായും അദ്ദേഹം പറഞ്ഞു. ഭീകരാക്രമണങ്ങളെ വിജയകരമായി ചെറുക്കുന്ന ശക്തമായ രാഷ്ട്രമായി ഇന്ത്യ മാറി. ഇന്ന് സർക്കാർ

ഗുണഭോക്താക്കളുടെ അടുത്തെത്തി പാചകവാതകം , വെള്ളം, വൈദ്യുതി, ധനസഹായം എന്നിവ നൽകുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ 10 കോടി സ്ത്രീകൾ വനിതാ സ്വയം സഹായ സംഘങ്ങളിൽ ചേരുകയും സാമ്പത്തികമായി സ്വതന്ത്രരാവുകയും ചെയ്തു.രാജ്യത്തെ സ്വാശ്രയ സംഘങ്ങൾക്ക് ഇതുവരെ 9 ലക്ഷം കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതിൽ പ്രധാനമന്ത്രി ആശങ്ക രേഖപ്പെടുത്തി.

*******************************

## PM -WOMEN (INTRO)

സ്വാതന്ത്ര്യത്തിന്റെ 77-ാം വാർഷികം ആഘോഷിക്കുമ്പോൾ എല്ലാ മേഖലകളിലും വികസനം സാധ്യമാക്കാൻ രാജ്യത്തിന് സാധിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ശ്രമകരമായ ഒട്ടേറെ പരിവർത്തനങ്ങൾക്ക് രാജ്യം സാക്ഷിയായി. അതിൽ എടുത്തുപറയേണ്ടത് ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം, സ്ത്രീശാക്തീകരണം തുടങ്ങിയവയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് - വോയിസ്)

*******************************

## ID-3

കർഷകർ , സ്ത്രീകൾ, യുവജനങ്ങൾ, ഗോത്രവിഭാഗങ്ങളിൽ നിന്നുള്ളവരടക്കം ആറായിരം പേർ ഇത്തവണ ചടങ്ങുകൾക്ക് വിശിഷ്ടാതിഥികളായി എത്തി. വിവിധ സംസ്ഥാനങ്ങളിലെ പന്ത്രണ്ടായിരത്തോളം കലാകരാന്മാർ ചുവപ്പ് കോട്ടയിൽ പരിപാടികൾ അവതരിപ്പിച്ചു. പാരീസ് ഒളിംപിക്സിൽ മത്സരിച്ച ഇന്ത്യൻ സംഘാംഗങ്ങളും രാജ്യ തലസ്ഥാനത്തെ ആഘോഷങ്ങളിൽ പങ്കെടുത്തു. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ ഗുണഭോക്താക്കളായ 250

കർഷകർ വിശിഷ്ടാതിഥികളായി. തിരഞ്ഞെടുക്കപ്പെട്ട മുന്നൂറ് വനിതാ ഗ്രാമപഞ്ചായത്ത് പ്രതിനിധികളും 150 ലക്ഷാധിപതി ദീദി മാരും 150 ഡ്രോൺ ദീദി മാരും വനിതാ പ്രാതിനിധ്യത്തിൽ ഉൾപ്പെടുന്നു. കര നാവിക വ്യോമസേനകൾ, ഡൽഹി പൊലീസ്, എൻ സി സി, എൻ എസ് എസ് ഉൾപ്പെടെ വിവിധ വിഭാഗങ്ങളും ആഘോഷങ്ങളുടെ ഭാഗമായി. **വികസിത് ഭാരത് 2047** എന്ന പ്രമേയം അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ ആഘോഷങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്.

***********************************

## KERALA - INDEPENDENCE

കേരളത്തിൽ സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തി. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യവും മുഖ്യമന്ത്രി സ്വീകരിച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുഖകരമായ അന്തരീക്ഷത്തിലാണ് ഈ വർഷത്തെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്വാതന്ത്ര്യാനന്തരം രാജ്യത്ത് എല്ലാ മേഖലയിലും വികസനം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഈ വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് - വോയിസ്)

ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു.

***********************************

## I-DAY - WORLD LEADERS

ഇന്ത്യ 78-ാാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ആശംസകൾ നേർന്ന് ലോക നേതാക്കൾ. യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ ഇന്ത്യയ്ക്ക് ഊഷ്മളമായ സ്വന്തന്ത്ര്യദിനാശംസകൾ അറിയിച്ചു. ഇന്ത്യൻ ജനതയുടെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ ചരിത്രമാണ് യു.എസ് ആഘോഷിക്കുന്നതെന്ന് ബ്ലിങ്കെൻ പറഞ്ഞു. ഇസ്രായേലും ഇന്ത്യയ്ക്ക് ആശംസകൾ നേർന്നു. ഇന്ത്യയിലെ ഇസ്രായേൽ പ്രതിനിധി നവോർ ഗിലോൺ ഹർ ഘർ തിരംഗ പ്രചാരണത്തിലും പങ്കെടുത്തു.

*****************************************

## BHARAT SRI LANKA MAITRI UTSAV

ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഭാരത് ശ്രീലങ്ക മൈത്രി ഉത്സവ് സംഘടിപ്പിക്കും. ഇന്ത്യൻ ഹൈക്കമ്മീഷനിലെ സാംസ്കാരിക വിഭാഗമായ സ്വാമി വിവേകാനന്ദ കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിപാടി കൊളംബോയിലെ ഇൻഡിപെൻഡൻസ് സ്ക്വയറിൽ ഇന്ന് വൈകുന്നേരം ഉദ്ഘാടനം ചെയ്യും. നാല് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ കരകൗശല മേള, ഭക്ഷ്യമേള, സാംസ്കാരിക പ്രകടനങ്ങൾ എന്നിവ നടക്കും.

*****************************************

## ID-PRESIDENT

സ്വാതന്ത്ര്യദിനത്തലേന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു. സ്വാതന്ത്യത്തിനായി ജീവൻ ബലിയർപ്പിച്ചവരോട് രാജ്യം എന്നും കടപ്പെട്ടിരിക്കുമെന്നും ഏറ്റവും വലിയ ജനാധിപത്യശക്തിയായി ഇന്ത്യ മാറിയിരിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. സമീപ ഭാവിയിൽ മൂന്നാമത്തെ വലിയ സമ്പദ് ശക്തിയായി രാജ്യം മാറും. കർഷകർ ഇന്ത്യയെ സ്വയം പര്യാപ്തമാക്കിയെന്നും നാരീശക്തി ഇന്ത്യയുടെ സമ്പത്താണെന്നും ശ്രീമതി മുർമു വ്യക്തമാക്കി. ഇന്ത്യൻ ഒളിംപിക് താരങ്ങളുടെ സമർപ്പണത്തെ രാഷ്ട്രപതി പ്രത്യേകം അഭിനന്ദിച്ചു.

*******************************************

## HOME AFFAIRS - GALLANTRY

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചുള്ള രാഷ്ട്രപതിയുടെ സർവീസ് മെഡലുകൾക്കും, ധീരതയ്ക്കുള്ള പുരസ്കാരങ്ങൾക്കും അർഹരായവരെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. മാതൃകാപരമായ സേവനത്തിന് ലഭിച്ച ഈ അംഗീകാരം രാജ്യത്തിന്റെ സുരക്ഷക്ക് കരുത്തേകാൻ ഇവരെ പ്രോത്സാഹിപ്പിക്കുമെന്ന് ശ്രീ.അമിത്ഷാ പറഞ്ഞു. 1,037 പേർക്കാണ് ഈ വർഷം അവാർഡുകൾ സമ്മാനിക്കുന്നത്. 213 പേർക്കാണ് ധീരതാ പുരസ്കാരങ്ങൾ. വിശിഷ്ട സേവനങ്ങൾക്കുള്ള പുരസ്കാരം 94 പേർക്കും, സ്തുത്യർഹ സേവനങ്ങൾക്കുള്ള പുരസ്കാരം 729 പേർക്കുമാണ് നൽകുന്നത്.

*******************************************

## SHIVRAJ-NPSS

സ്വാതന്ത്ര്യ ദിനത്തിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ദേശീയ കീട നിരീക്ഷണ സംവിധാനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കൃത്യമായും തക്ക സമയത്തും കീടനിയന്ത്രണ ഉപദേശങ്ങൾ നൽകുന്നതിന് സജ്ജമാക്കിയിട്ടുള്ളതാണ് കേന്ദ്ര കൃഷി, കർഷക ക്ഷേമ വകുപ്പിൻ്റെ ഈ ഡിജിറ്റൽ സംരംഭം. രണ്ടു ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ പിഎം-കിസാൻ സമ്മാൻ നിധി യോജന, പിഎം ഫസൽ ബീമ യോജന ഗുണഭോക്താക്കൾ, എഫ്.പി.ഒ പ്രതിനിധികൾ എന്നിവർ ഉൾപ്പെടെ ആയിരത്തിലധികം കർഷകരെ ആദരിക്കും.

*******************************************

## IOA-VINESH PHOGAT

പാരിസ് ഒളിമ്പിക്സിൽ 70 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെള്ളി മെഡൽ നൽകണമെന്ന് അഭ്യർത്ഥിച്ച് ഇന്ത്യൻ താരം വിനേഷ് ഫോഗാട്ട് നൽകിയ അപ്പീൽ കായിക തർക്ക പരിഹാര കോടതി തള്ളി. മത്സരത്തിന്റെ ഫൈനലിന് മുൻപ് നടന്ന ഭാരപരിശോധനയിൽ 100 ഗ്രാം കൂടിയതിനാൽ വിനേഷിനെ അയോഗ്യയാക്കുകയായിരുന്നു.